പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1305 06-03-2020-ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയുടെ തളർച്ചക്കുള്ള കാരണങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ കാർഷിക മേഖലയുടെ തളർച്ചക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; | (എ) | ആഗോള സാമ്പത്തിക ക്രമത്തിന്റെ ഭാഗമായി കാർഷികോത്പന്നങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയിൽ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, കേന്ദ്ര സർക്കാരിന്റെ പ്രതികൂലമായ സാമ്പത്തിക നയങ്ങൾ, കാലാവസ്ഥാ വ്യതിയാനം, 2017-2018, 2018-2019 കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കം, മറ്റു പ്രകൃതി ദുരന്തങ്ങൾ എന്നിവ കാർഷിക മേഖലയ്ക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. നാളികേരം, റബ്ബർ എന്നീ വിളകൾക്കുണ്ടായ വില തകർച്ചയും ഉല്പാദന വളർച്ചാനിരക്കിൽ ഉണ്ടായ ഇടിവിന് കാരണമായിട്ടുണ്ട്. |
| (ബി) | അവ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവന്ന നടപടികളും ആയതിലൂടെ കൈവരിക്കാൻ സാധിച്ച നേട്ടങ്ങളും വിശദമാക്കുമോ? | (ബി) | വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുനുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി.<br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>2020-21 സാമ്പത്തിക വർഷം പുനർജനി - പ്രളയനാന്തര കാർഷിക മേഖലയുടെ പുനഃസ്ഥാപനം എന്ന പേരിൽ പുതിയ പദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 224.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ സംഭവിച്ച പ്രളയത്തിന്റെ ഫലമായുണ്ടായ കേട്ടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. തൊഴിലവസരം സൃഷ്ടിക്കുന്നതിനും വരുമാനദായകവുമായ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.<br>കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>കാലാവസ്ഥ, മണ്ണ്, ഭൂപ്രകൃതി എന്നിവയെ അടിസ്ഥാനമാക്കി കേരളത്തിന്റെ കാർഷിക മേഖലയെ 5 കാർഷിക പരിസ്ഥിതികമേഖലകളായും ഇവയെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും വിഭജിച്ച്, 2020-21 സാമ്പത്തിക വർഷം മുതൽ വിളാധിഷ്ഠിത പദ്ധതികൾ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.<br>കർഷക വിരുദ്ധ ഉടമ്പടികൾക്കെതിരെ സംസ്ഥാനം ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതിന്റെ ഫലമായി ആർ.സി.ഇ.പി പോലുള്ള ഉടമ്പടികളിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**